**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

## വിജ്ഞാപനം

**സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യൂനാനി കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനം 2021**
**പുതുതായി അപേക്ഷ സമർപ്പിച്ചവരുടെയും ഓപ്ഷൻ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ വിദ്യാർത്ഥികളുടെ അന്തിമ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

14.05.2022 ലെ ഇതേ നമ്പർ വിജ്ഞാപനപ്രകാരം 2021 വർഷത്തെ സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യൂനാനി കോളേജുകളിലെ ഒഴിവുകൾ നികത്തുന്നതിനായി ഒരു പ്രൊവിഷണൽ അലോട്ട്മെന്റ് ലിസ്റ്റും(Ayurveda, Sidha & Unani) പ്രൊവിഷണൽ റാങ്ക് ലിസ്റ്റുകളും (യോഗ്യതാ ലിസ്റ്റുകൾ) പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. 16.05.2022 രാവിലെ 10.00 മണി വരെ ലഭിച്ച പരാതികൾ പരിഗണിച്ചശേഷം അന്തിമ ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥികൾ കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 11.7.1 ൽ പ്രതിപാദിക്കുന്ന അസ്സൽ രേഖകളുമായി **17.05.2022 മുതൽ 20.05.2022, ഉച്ചയ്ക്ക് 2.00 മണിക്കകം** സീററുകൾ ഒഴിവുള്ള കോളേജുമായി ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കേണ്ടതാണ്. വിജ്ഞാപനത്തിലും മാർഗനിർദ്ദേശത്തിലും പ്രതിപാദിച്ചിട്ടുള്ള നിബന്ധനങ്ങൾക്ക് വിധേയമായാണ് പ്രവേശനം നടത്തേണ്ടത്. അപേക്ഷയിലോ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടുന്ന രേഖകളിലോ പോരായ്മകൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക്, പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഇ–മെയിൽ (ceekinfo.cee@kerala.gov.in) മുഖാന്തിരം പരീക്ഷ കമ്മീഷണറുടെ ഓഫീസിലെത്തിച്ച്, പ്രവേശനത്തിനുള്ള സമയ പരിധിക്കുള്ളിൽ തന്നെ പോരായ്മകൾ പരിഹരിക്കപ്പെട്ടതിനു ശേഷം മാത്രമേ പ്രവേശനം നൽകുന്നുള്ളൂ എന്ന് അതത് സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ, പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ പരീക്ഷ കമ്മീഷണർക്ക് സമർപ്പിച്ച രേഖകളുടെയും മറ്റു അവശ്യ രേഖകളുടെയും അസൽ അതത് സ്ഥാപനങ്ങൾ പരിശോധിച്ച് ആധികാരികത ഉറപ്പാക്കേണ്ടതുമാണ്. അലോട്ട്മെന്റ് /പ്രവേശനം സംബന്ധിച്ച വിശദ വിവരങ്ങൾക്ക് വെബ്സൈറ്റിൽ നൽകിയിട്ടുള്ള 14.05.2022 ലെ ഇതേ നമ്പർ വിജ്ഞാപനവും മാർഗനിർദ്ദേശങ്ങളും കാണുക.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

File No.CEE/156/2022-TA1

Signature valid
Digitally signed by INBASEKAR K IAS
Date: 2022.05.17 07:41:23 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**17/05/2022**